# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നഗരസഭകളിലെ മാസ്റ്റർപ്ലാനുകൾ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം :3300** **16.12.15- ൽ മറുപടി നൽ കേണ്ടത്**

| | ചോദ്യം<br>ശ്രീ.കെ. ദാസൻ | | ഉത്തരം<br>ശ്രീ.മഞ്ഞളാംകുഴി അലി,<br>നഗരകാര്യവുംന്യൂനപക്ഷക്ഷേമവുംവകുപ്പുമന്ത്രി |
|---|---|---|---|
| (എ) | നഗരസഭകളിൽ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട സ്റ്റേക്ക് ഹോൾഡർ പ്രോജക്റ്റ് സെൽ മുഖേന നടന്നു വരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. നഗര-ഗ്രാമാസൂത്രണ നിയമ പ്രകാരം മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് അതത് നഗരസഭകളാണ്. ആയതിന്റെ സാങ്കേതിക ജോലികൾ നഗര ഗ്രാമാസൂത്രണ വകുപ്പ് (ജില്ലാ കാര്യാലയവും മുഖ്യ നഗരാസൂത്രകൻ (പ്ലാനിംഗ്) –ന്റെ കാര്യാലയവും) നിർവ്വഹിച്ച് വരുന്നു. ഈ പ്ലാനുകൾ തയ്യാറാക്കുന്നതിന്റെ ഭാഗമായി വിവിധ Stake Holder റുമായിട്ടുള്ള ചർച്ചകൾ, സെമിനാറുകൾ, വികസന സെമിനാറുകൾ എന്നിവ പല ഘട്ടങ്ങളിൽ നടത്തുന്നു. വിവിധ സർക്കാർ വകുപ്പുകൾ / സ്ഥാപനങ്ങൾ, നഗരസഭാ ഉദ്യോഗസ്ഥർ, പ്രതിനിധികൾ എന്നിവരും ഇതുമായി സഹകരിക്കുന്നു. ഇപ്രകാരമുള്ള വിവിധ ചർച്ചകളുടേയും പഠനങ്ങളുടേയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ പ്ലാനുകൾ നഗരസഭ പ്രസിദ്ധീകരിക്കുകയും അതിന്മേൽ ലഭിക്കുന്ന ആക്ഷേപ നിർ ദ്ദേശങ്ങൾ പരിഗണിച്ച് ആവശ്യമായ ഭേദഗതികളോടെ സർക്കാർ അംഗീകൃതമാക്കുന്നതിനുള്ള നിയമ നടപടികൾ സ്വീകരിക്കുന്നു. പങ്കാളിത്ത സമീപനത്തോടെ പ്ലാൻ തയ്യാറാക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.<br><br>പ്ലാനുകൾ തയ്യാറാക്കുന്നതിലും നിയമ നടപടികൾ സ്വീകരിച്ച് അംഗീകൃതമാക്കുന്നതിനും സാങ്കേതിക സഹായവും മാർഗ്ഗ നിർ ദ്ദേശവും നൽകുന്നതിന് മുഖ്യനഗരാസൂത്രകൻ (Planning)-ന്റെ മേൽ നോട്ടത്തിൽ ഒരു Project Cell പ്രവർത്തിച്ചു വരുന്നു. പ്രസ്തുത Cell മുഖേന ആസൂത്രണരംഗത്തുള്ളവരുടെ |

| | | | |
|---|---|---|---|
| | | | സേവനങ്ങളും പുതിയ വികസന സാങ്കേതിക മാർഗ്ഗങ്ങളും ഉപയുക്തമാക്കുകയും ജില്ലാ ആഫീസുകളിലെ വികസന പദ്ധതികൾ സംബന്ധിച്ച പുരോഗതി സമയാസമയങ്ങളിൽ വിലയിരുത്തുകയും ചെയ്യുന്നു. പ്ലാനുകൾ തയ്യാറാക്കുന്നതിന്റെ പ്രവർത്തന പുരോഗതി Chief Town Planner (Planning) തലത്തിലും സർക്കാർ തലത്തിലും വിലയിരുത്തുന്നു.<br><br>പ്ലാനുകൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിശദമായ മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്. മാസ്റ്റർ പ്ലാനുകളുടെ സുഗമമായ രൂപീകരണത്തിനായി Project Cell –ന്റെ ആഭിമുഖ്യത്തിൽ കാലാകാലങ്ങളിൽ വിവിധ Handouts, Toolkits, Guidelines എന്നിവ പുറപ്പെടുവിച്ചു വരുന്നു. (7 ടൂൾ കിറ്റുകൾ, 6 ഗൈഡ് ലൈനുകൾ, മാപ്പിന്റെ മാതൃകകൾ എന്നിവ) |
| (ബി) | നിലവിൽ ഏതെല്ലാം നഗരസഭകളിലെ മാസ്റ്റർപ്ലാനുകളാണ് അംഗീകരിച്ചിട്ടുള്ളത് വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് 20 പട്ടണങ്ങൾക്ക് അംഗീകൃത മാസ്റ്റർ പ്ലാനുകൾ ഉണ്ട്. ടി പ്ലാനുകൾ താഴെ പറയുന്നവയാണ്.<br>1. തിരുവനന്തപുരം<br>2. നെയ്യാറ്റിൻകര<br>3. കൊല്ലം<br>4. പരവൂർ<br>5. കോട്ടയം<br>6. ചങ്ങനാശ്ശേരി<br>7. വൈക്കം<br>8. കൊച്ചി<br>9. തൃശ്ശൂർ<br>10. ഗുരുവായൂർ<br>11. പാലക്കാട്<br>12. മലപ്പുറം<br>13. കോഴിക്കോട്<br>14. വടകര<br>15. തലശ്ശേരി |

| | | | |
|---|---|---|---|
| | | | 16. ഇടുക്കി ടൗൺ ഷിപ്പ്<br>17. കോവളം – വിഴിഞ്ഞം ഏരിയ ഡെവലപ്പ് മെന്റ് പ്ലാൻ<br>18. മെഡിക്കൽ കോളേജ് ഏരിയ ഡെവലപ്പ് മെന്റ് പ്ലാൻ<br>19. കോട്ടയം മെഡിക്കൽ കോളേജ് ഏരിയ ഡെവലപ്പ് മെന്റ് പ്ലാൻ<br>20. ഡെവലപ്പ് മെന്റ് പ്ലാൻ ഫോർ വെല്ലർ മുളകുളം ഏരിയ |
| (സി) | കൊയിലാണ്ടി നഗരസഭയിൽ മാസ്റ്റർ പ്ലാൻ അനുസരിച്ച് എന്തെല്ലാം കാര്യങ്ങളാണ് പ്രാവർത്തികമാക്കുക; വിശദമാക്കാമോ? | (സി) | കൊയിലാണ്ടി നഗരസഭയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ നടപടി പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ